അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം, മറ്റ് വിശദവിവരങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കേന്ദ്ര നികുതി വിഹിതം, നികുതിയേതര വരുമാനം, കേന്ദ്ര ധനസഹായം, പലവക മൂലധന വരവുകൾ എന്നിവയാണ് മറ്റ് വരുമാന സ്രോതസ്സുകൾ. ഇവയിൽ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മറ്റ് വരുമാന സ്രോതസ്സുകൾ	ബജറ്റ് എസ്റ്റിമേറ്റ് (Crores)	30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം (Crs.)
കേന്ദ്ര നികുതി വിഹിതം	9365.36	3874.86
നികുതിയേതര വരുമാനം	6337.47	2652.72
കേന്ദ്ര ധനസഹായം	6672.02	2788.09
പലവക മൂലധന വരവുകൾ	25.03	5.91

(ഡി) 2014-15 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും കുറഞ്ഞുപോയ വരുമാന സ്രോതസ്സുകൾ ഇപ്പോൾ കണ്ടെത്താനാവില്ല.

നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്

163 (503) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്ര ; വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ നാളിതുവരെയുള്ള പദ്ധതി ചെലവ് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചു ;

(ഡി) നടപ്പുസാമ്പത്തിക വർഷം കേന്ദ്ര സഹായ പദ്ധതികൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; പ്രസ്തുത തുകയിൽ ഇതുവരെ എന്ത് തുക ചെലവായിയെന്ന് വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) 2014-15 സാമ്പത്തിക വർഷം വകുപ്പുകൾക്കായി അനുവദിച്ച പദ്ധതി വിഹിത, ആസൂത്രണ സാമ്പത്തികകാര്യവകുപ്പിന്റെ പദ്ധതി അവലോകന പത്രിക അനുസരിച്ച് ഒക്ടോബർ മാസംവരെ സംസ്ഥാന പദ്ധതി, കേന്ദ്ര സഹായ പദ്ധതികൾ എന്നിവയിലുണ്ടായ ചെലവുകൾ, ഇവയുടെ ശതമാനം എന്നിവയടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ഏറനാട് മണ്ഡലത്തിലെ എ.ഡി.എസ്.

164 (504) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.എസ്. നിലവിൽ വന്നതിനുശേഷം ധനകാര്യവകുപ്പ് എത്ര പദ്ധതികൾക്കാണ് ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത് ; വർഷം ; തുക ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly